(ഇ) കൊല്ലം ജില്ലയിലെ ഒഴിവുകൾ 23-9-2003-ലും ആലപ്പുഴ ജില്ലയിലേത് 4-7-2005-ലും തൃശ്ശൂർ ജില്ലയിലേത് 26-9-2003-ലും കോഴിക്കോട് ജില്ലയിലേത് 18-7-2005-ലും മലപ്പുറം ജില്ലയിലെ ഒഴിവുകൾ 8-7-2005-ലും പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) എറണാകുളം കണ്ണൂർ ജില്ലകളിലെ റിപ്പോർട്ടുചെയ്യാത്ത ഓരോ ഒഴിവുകൾ പി. എസ്. സി. റിപ്പോർട്ടുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലാളി സമരങ്ങൾ

66 [2203] ശ്രീ. ടി. കെ. ദേവകുമാർ:
,, കെ. കെ. ജയചന്ദ്രൻ:
,, പി. ജയരാജൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിലാളി സമരങ്ങളോടുള്ള ഈ സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ;

(ബി) തൊഴിൽ സമരങ്ങൾക്ക് ആസ്പദമായ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക എന്ന സമീപനം സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ വിഭാഗം തൊഴിലാളികൾ സമരം നടത്തിവരുന്നു; തൊഴിലാളികളുടെ സമരംമൂലം ഇപ്പോൾ ഏതെങ്കിലും വ്യവസായ സ്ഥാപനം അടച്ചുപൂട്ടിയിട്ടുണ്ടോ?

ഉത്തരം

(എ) തൊഴിൽ മേഖലയിൽ അനുരഞ്ജന ചർച്ചകളിലൂടെ സമരങ്ങൾക്ക് ആസ്പദമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് ഗവൺമെന്റിന്റെ സമീപനം.

(ബി) ഉണ്ട്.

(സി) സമരംമൂലം സംസ്ഥാനത്ത് ഒരു വ്യവസായ സ്ഥാപനവും ഇപ്പോൾ അടച്ചു പൂട്ടിയിട്ടില്ല. എല്ലാ സമരങ്ങളും സമരപ്രഖ്യാപനങ്ങളും അനുരഞ്ജന ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്.

ഐ. ടി. മേഖലയിൽ തൊഴിലവസരങ്ങൾ

67 [2204] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒ. എ, ബി തലങ്ങളിലോ, സമാനയോഗ്യതകളിലോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരുടെ എണ്ണം വെബ്സൈറ്റ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly